തുടർന്ന് തൊഴിലാളികളെ സസ്പെൻറുചെയ്യുകയും ചെയ്തു. ആ പശ്ചാത്തലത്തിൽ ജോലിചെയ്യുന്നതിന് 10 മിനിറ്റ് ഗ്രേസ് ടൈം വേണമെന്നുള്ള വാദം യൂണിയൻെറ ഭാഗത്തുനിന്നും ഉണ്ടായതായിട്ടാണ് മാനേജ്മെൻറ് പറയുന്നത്. അതല്ല അവർക്ക് അവിടെ അങ്ങനെ ഒരു കൺവെൻഷൻ ഉണ്ടായിരുന്നുവെന്നും തൊഴിലാളികളും പറയുന്നു. അതിനെത്തുടർന്ന് സമയത്തിന് ജോലിക്കുവരാതിരുന്ന തൊഴിലാളികൾക്ക് മാനേജ്മെൻറ് ജോലി നിഷേധിച്ചു. എത്രമിനിറ്റ് താമസിച്ചുവോ അത്രയുംമിനിറ്റ് വൈകുന്നേരം കൂടുതൽ ജോലിചെയ്യണമെന്നുള്ള വാദം മാനേജ്മെൻറ് ഉന്നയിച്ചു. അത് സാധിക്കുകയില്ലെന്ന് യൂണിയൻ പറഞ്ഞതിനെത്തുടർന്ന് അത് സമരത്തിലേക്ക് നീങ്ങുകയാണുണ്ടായത്. ഇതിനെസംബന്ധിച്ച് കൺസീലിയേഷനുകൾ നിരവധി തവണ നടത്തുകയുണ്ടായി. എൻെറ ലവലിലും കൺസിലിയേഷൻ നടത്തി. പക്ഷേ വയലൻസിനെ തുടർന്നുണ്ടായ പ്രശ്നങ്ങളിൽ ഒരു ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ സാധിക്കാതെ പോകുകയാണുണ്ടായത്. തുടർന്ന് 2-7-1986 4 മണിക്ക് ഇതിനെക്കുറിച്ച് ചർച്ചചെയ്യാൻ ഇവിടെ ഒരു കോൺഫറൻസ് വച്ചിട്ടുണ്ട്. ആ കോൺഫറൻസിൽവച്ച് ഇതിന് ഒരു ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ സാധിക്കുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(2) പുനലൂർ പേപ്പർമിൽ അടച്ചിട്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി ചോദ്യോത്തരവേളയിൽ ഇവിടെ പുനലൂർ പേപ്പർമില്ലിലെ സ്ഥിതിയെപ്പറ്റി വിവരിച്ചു. കഴിഞ്ഞ മേയ്മാസം 8-ാം തീയതിമുതൽ പുനലൂർ പേപ്പർമിൽ ബോംബെ ഹൈക്കോടതിയുടെ റിസീവർ രേണത്തിൻകീഴിലാണ്. സർ, ഒരു വ്യവസായസ്ഥാപനത്തിൽ ഹൈക്കോടതിറിസീവർ രേണം ഏറെറടുക്കുമ്പോൾ, ആ മില്ലിൻെറ ആസ്തി ബാദ്ധ്യത തിട്ടപ്പെടുത്തി ആ മില്ലിന് എവിടെയെല്ലാം ബാദ്ധ്യതയുണ്ടോ ആ ബാദ്ധ്യതകളൊക്കെ തീർക്കുവാൻ ഹൈക്കോടതി ഉത്തരവിട്ടപ്പോൾ, രണ്ടായിരത്തിലധികംവരുന്ന തൊഴിലാളികളേയും അവരുടെ കുടുംബങ്ങളേയും അവർ മറന്നിരിക്കുകയാണ്. തെക്കേ ഇന്ത്യയിലെ ഏറവും പുരാതനമായ ഈ പേപ്പർമില്ലാണ് ഇന്ന് രണ്ടായിരം കുടുംബങ്ങളുടെ ആശാകേന്ദ്രം. പുനലൂർ പേപ്പർമില്ലിൻെറ പുകക്കുഴലിൽകൂടി പുക ഉയരുന്നില്ലെങ്കിൽ അതിൻെറ അർത്ഥം ആ ഫാക്ടറിയിലെ രണ്ടായിരം കുടുംബങ്ങളുടെ വീടുകളിൽ തീ കത്തിക്കുന്നില്ലെന്നാണ്.

ഈ പേപ്പർമില്ലിനെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. തൊഴിലാളികൾ ഒരു ദീർഘകാല കരാറിനുവേണ്ടിയുള്ള സമരത്തിന് നോട്ടീസ് കൊടുത്തു. ദീർഘകാലകരാർ നടപ്പിലാക്കേണ്ടതു് അടിയന്തിരമായ ആവശ്യമാണെന്നും അതിനെക്കുറിച്ച് ചർച്ചചെയ്യുന്നതിന് മാനേജ്മെൻറ് തയ്യാറാകണമെന്നും പറഞ്ഞാണ് വിവിധ ട്രെയ്ഡ് യൂണിയനുകൾ ചേർന്ന് മാനേജ്മെൻറിന് നോട്ടീസ് സമർപ്പിച്ചത്. എന്നാൽ അംഗീകൃത ട്രെയ്ഡ്യൂണിയനുകൾക്ക് നോട്ടീസ് പോലും കൊടുക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു മുന്നറിയിപ്പുംകൂടാതെ ഒരു സുപ്രഭാതത്തിൽ മില്ല് അടച്ചു പൂട്ടി മാനേജ്മെൻറ് സ്ഥലംവിടുകയാണുണ്ടായത്. ഹൈക്കോടതി റിസീവർഭരണം നടപ്പാക്കിയപ്പോഴും തൊഴിലാളികൾക്കുണ്ടായ ഒരു മാനസികമായ വ്യഥ ഹൈക്കോടതി റിസീവർ ഭരണം പ്രഖ്യാപിക്കുന്നതിന് ഒരാഴ്ച മുമ്പായി നാടകീയമായി മില്ല് അടച്ചുപൂട്ടിക്കൊണ്ട് മാനേജ്മെൻറ് സ്ഥലംവിട്ടു. മില്ല് അടച്ചുപൂട്ടി മാനേജ്മെൻറ് സ്ഥലംവിട്ട് ഒരാഴ്ച കഴിഞ്ഞപ്പോഴാണ് ബോംബെഹൈക്കോടതി റിസീവർഭരണം പ്രഖ്യാപിച്ചു. സമരം ഇല്ല. പക്ഷെ കമ്പനി തുറന്നു പ്രവർത്തിക്കാൻ വയ്യ. മാനേജ്മെൻറ് പ്രതിനിധികളില്ല. തൊഴിലാളികൾക്ക് അവിടെ കയറാൻപോലും നിവൃത്തിയില്ല. മറെറാന്നിൻെറയും ആശ്രയമില്ലാതെയാണ് തൊഴിലാളികൾ അവിടെ താമസിക്കുന്നത്. ആ മില്ലിൽനിന്നുകിട്ടുന്ന തുച്ഛമായ ശമ്പളം മാത്രം ആശ്രയിച്ചുകൊണ്ട് മാനേജ്മെൻറിൻെറ ക്വാർട്ടേഴ്സിൽ താമസിക്കുന്ന തൊഴിലാളികൾക്ക് മാനേജ്മെൻറ് വൈദ്യുതിപോലും കട്ടുചെയ്തിരിക്കുന്നു. മാനേജ്മെൻറ് വൈദ്യുതി ഡിപ്പാർട്ടുമെൻറിൽ കൃത്യമായി പണം അടക്കാത്തതുകാരണം തൊഴിലാളികൾക്ക് വെളിച്ചം പോലും കിട്ടാത്ത ഒരു അവസ്ഥാവിശേഷമുണ്ടായിരിക്കുകയാണ്. ഇത്രയും ഗുരുതരമായ സ്ഥിതിയുണ്ടായിട്ടും ഗവൺമെൻറ് ഇതുവരെ കാര്യമായി ഇതിൽ ഇടപെട്ടില്ല. ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി വിളിച്ച് കൂട്ടിയ ഒരു കോൺഫറൻസ് പരാജയപ്പെട്ടതിനുശേഷം ഇതുവരെ മറെറാരു കൺസീലിയേഷൻ ടാക്ക് നടത്താനോ ഡിപ്പാർട്ടുമെൻറിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ ഇടപെടുവിച്ച് മറെറന്തെങ്കിലും സംവിധാനം ഉണ്ടാക്കാനോ ഗവൺമെൻറ് ഇതുവരെ തയ്യാറായിട്ടില്ല. രണ്ടായിരത്തോളം തൊഴിലാളികുടുംബങ്ങൾ ഇന്നു പട്ടിണിയിലാണ്. അതുകൊണ്ട് ഗവൺമെൻറ് അർഹിക്കുന്ന ഗൗരവത്തോടുകൂടി എത്രയും പെട്ടെന്ന് ഇക്കാര്യത്തിൽ ഇടപെടണം. മുഖ്യമന്ത്രിയുടെ ശ്രദ്ധകൂടി ഇക്കാര്യത്തിൽ പതിയേണ്ടതാണ്. മാനേജുമെൻറുമായി എത്രയും പെട്ടെന്ന് ഒരു ചർച്ച നടത്തി പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, പുനലൂർ പേപ്പർമില്ലിൽ നിരവധി തൊഴിൽ പ്രശ്നങ്ങൾ നിലവിലുണ്ടായിരുന്നു. ലോംഗ് ടേം സെറിൽമെൻറ് നെഗോഷിയേഷൻ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെയിരിക്കെ 2-4-1986-ൽ അവിടെനിന്ന് പുറത്തേക്കുകൊണ്ടുപോകേണ്ട പേപ്പർ ലോഡ്ചെയ്യാൻ തൊഴിലാളികൾ വിസമ്മതിച്ചു. അതിനെ തുടർന്ന് മില്ലിൻെറ പ്രവർത്തനം സ്തംഭിച്ചു. ഈ കമ്പനി പൊളിഞ്ഞുപോയിയെന്നും കടക്കാർക്ക് പണം കിട്ടാൻ നിവൃത്തിയില്ല എന്നും പറഞ്ഞ് കടക്കാർ ബോംബെ ഹൈക്കോടതിയിൽ കേസ് കൊടുത്തു. ആ കേസിൽ കോടതി ഒരു റിസീവറെ നിയമിക്കുകയും, റിസീവറുമായി ആലോചിച്ച് വേണമെങ്കിൽ ഡാൽമിയ കമ്പനി നടത്തിക്കൊള്ളണമെന്നും ടേംസ് ആൻറ് കണ്ടീഷൻസ് ഫിക്സ് ചെയ്യണമെന്നും ഒരു ഓർഡർ വന്നു. ഈ പശ്ചാത്തലത്തിൽ അങ്ങനെ നടത്തുന്നത് അസാദ്ധ്യമാണ് എന്നുള്ളതുകൊണ്ട് ഞാൻ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും തൊഴിലാളിപ്രതിനിധികൾ കൂടി ബോംബെ ഹൈക്കോടതിയിൽ പോയി അവരുടേയുംകൂടെ ഒരു വക്കാലത്തുകൊടുക്കുകയും ചെയ്യണമെന്നു തീരുമാനിക്കുകയും ചെയ്തു. അങ്ങനെ തൊഴിലാളിപ്രതിനിധികൾ പോയി വക്കാലത്ത് കൊടുക്കുകയും അവിടെ നിന്നും ആ തീരുമാനം അനുകൂലമായ രൂപ വീതം

LIBRARY ARCHIVES Kerala Legislative Assembly

കടക്കാർക്ക് ഓരോ മാസവും ഡാൽമിയ കൊടുക്കണമെന്നുമുള്ള വ്യവസ്ഥയോടുകൂടി ഡാൽമിയ അതു നടത്തുന്നതിന് വിധിയുണ്ടാവുകയും ചെയ്തു. ആ വിധിയുടെ അടിസ്ഥാനത്തിൽ എങ്ങനെ നടത്തണമെന്നതിനെസംബന്ധിച്ച് ഞാൻ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ആ കോൺഫറൻസിൽ തൊഴിലാളിയൂണിയനുകാരും മാനേജ്മെൻറിനും രമ്യമായ ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല. അതെ തുടർന്നു ഈ മാസം 30-ാം തീയതി 4 മണിക്ക് വീണ്ടും അതിനെ സംബന്ധിച്ച് ആലോചിക്കുന്നതിന് ഒരു കോൺഫറൻസ് വച്ചിരിക്കുകയാണ്. അന്ന് ഒരു സെറ്റിൽമെൻറ് ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, ഒരു കോൺഫറൻസ് നടത്തിയതിൽ പരിഹാരമുണ്ടായില്ലെന്നും അടുത്ത കോൺഫറൻസ് നടത്താൻ പോകുകയാണെന്നും മന്ത്രി പറഞ്ഞു. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ നിഷേധിക്കുന്ന സമീപനം മാനേജ്മെൻറ് എടുത്താൽ നിയമനടപടികളുപയോഗിച്ച് കമ്പനി തുറന്നുനടത്തിക്കുവാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യം മനസ്സിലാക്കണം. കമ്പനിയിപ്പോഴും കടക്കാരുടെ വകയാണ്. അതിൽ ഗവൺമെൻറിന് ഒന്നുംചെയ്യാനില്ല. കമ്പനി ജപ്തിചെയ്തോ വിറ്റോ എങ്കിലും കടക്കാരുടെ പണം കൊടുക്കണമെന്നാണ് ബോംബെ ഹൈക്കോടതിയുടെ തീരുമാനം. തൊഴിലാളികളെ അവിടെപ്പോയി വക്കാലത്തുകൊടുത്തതുകൊണ്ട് തൊഴിലാളികളുടെ ബുദ്ധിമുട്ട് പരിഗണിച്ചാണ് കമ്പനിനടത്തുന്നതിന് കോടതി അനുവദിച്ചത്. കോടതിയുടെ വ്യവസ്ഥകൾക്ക് വിധേയമായി ഇരു കൂട്ടരും അടിയന്തരാവസ്ഥ മനസ്സിലാക്കി തീരുമാനം എടുത്തില്ലെങ്കിൽ ഗവൺമെൻറിന് ഒന്നും ചെയ്യാൻപറ്റാത്ത പരിതാപകരമായ സ്ഥിതിയുണ്ടാകും. കമ്പനി കടക്കാർ കൊണ്ടുപോകുന്ന സ്ഥിതി വരും.

III. സബ്മിഷൻ

(1) ചിറയിൻകീഴ് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി

ശ്രീ. പി. വിജയദാസ്: സർ, ചിറയിൻകീഴ് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയുടെ സ്ഥിതിയാണ് ഞാൻ സൂചിപ്പിക്കുന്നത്. 4 വർഷം മുമ്പ് അവിടെ ഒരു പുതിയ കെട്ടിടത്തിൻെറ പണി ആരംഭിച്ചു. അതിൻെറ പണി പകുതിയായപ്പോൾ കോൺട്രാക്ടർ പണി നിർത്തിവെച്ചുപോയിരിക്കുകയാണ്. ഇപ്പോൾ പകുതി പണി പൂർത്തിയായികിടക്കുന്ന കെട്ടിടംകൊണ്ട് ഗവൺമെൻറിനോ രോഗികൾക്കോ യാതൊരു ഉപയോഗവുമില്ല. അതുകൊണ്ട് അടിയന്തിരമായി അതിൻെറ പണി പൂർത്തിയാക്കണം. പുതിയ ഒരു ടെൻഡർവിളിച്ച് പുതിയ ആളിനെ പണി ഏൽപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം. താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയായപ്പോൾ മുമ്പുണ്ടായിരുന്നതിനേക്കാളും കിടക്കകളുടെ എണ്ണം കുറഞ്ഞ സ്ഥിതിയാണുള്ളത്. ഈ സാഹചര്യം കണക്കിലെടുത്ത് കെട്ടിടത്തിൻെറ പണി അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly